ഒക്ടോബർ | നവംബർ | ഡിസംബർ 2024

# VINFORMATION
# വിൻഫൊർമേഷൻ



**നന്മണി ജപമാലയേന്തി**
**നിന്മക്കൾ സവിധേ വരുന്നു**
**നന്മകൾ നിറയും മേരിയമ്മേ**
**തിന്മകളെല്ലാമകറ്റേണമേ!**

SSVP
serviens in spe
VERAPOLY CENTRAL COUNCIL

**വരാപ്പുഴ അതിരൂപതാ വിൻസെൻഷ്യൻ വാർത്താപത്രിക**

Vinformation OCT - NOV 2024.indd 1 11/1/2024 10:45:27 AM


## പുതിയ കോൺഫറൻസ്

വരാപ്പുഴ സി.സി.യിലെ 158-ാമത് കോൺഫറൻസ് പ്രവർത്തനമാരംഭിച്ചു. തൈക്കൂടം എ.സി.യിലെ നെട്ടൂരിൽ, വിശുദ്ധ കുരിശിന്റെ ദേവാലയത്തിലെ ഹോളിക്രോസ് കോൺഫറൻസിന്റെ ഉദ്ഘാടനം വികാരി റവ. ഫാ. ജോസഫ് ഷെറിൻ നിർവ്വഹിച്ചു.



---

## വരാപ്പുഴ സി.സി.യുടെ വൈപ്പിൻ നോർത്ത് ഏരിയാ കൗൺസിൽ സന്ദർശനം



സെന്റ് അംബ്രോസ്
& സെന്റ് റീത്താസ്
കോൺഫറൻസുകൾ
എടവനക്കാട്



ഹോളി സ്പിരിറ്റ് കോൺഫറൻസ്
പഴങ്ങാട്



സെന്റ് ജോർജ് &
മേരി മാതാ കോൺഫറൻസുകൾ
നായരമ്പലം



സെന്റ് ആന്റണീസ്
കോൺഫറൻസ്
പുത്തൻ കടപ്പുറം



സെന്റ് ലിയോ
സേക്രഡ് ഹാർട്ട് (വനിത),
ഡിവൈൻ ഹാർട്ട്
കോൺഫറൻസുകൾ
മാനാട്ടുപറമ്പ്

പത്രാധിപക്കുറിപ്പ്

# ഏറെ പ്രാധാന്യമുള്ള ഒരു ത്രൈമാസം

ഈ ത്രൈമാസത്തിലെ മൂന്നുമാസങ്ങളും കത്തോലിക്കർക്ക് സർവപ്രകാരേണയും സുപ്രധാനമത്രേ. ഒക്ടോബർ ജപമാല മാസം, നവംബർ ശുദ്ധീകരണാത്മാക്കൾ അനുസ്മരണം, ഡിസംബർ ഉണ്ണിശോയുടെ തിരുപ്പിറവിയുത്സവം. കേരളത്തിലുടനീളം ജപമാലഭക്തി പ്രചരിപ്പിച്ചത് കർമലീത്താമിഷണറിമാരാണ് എന്നോർക്കാം. താൻ ജപമാലനാഥയാണെന്ന് പരിശുദ്ധ മറിയം തന്നെ ഫാത്തിമയിൽ വെളിപ്പെടുത്തിയിട്ടുണ്ട്. നമുക്ക് ജപമാല ഭക്തിയിൽ വളർന്ന് മോക്ഷഭാഗ്യം നേടാം.

നവംബർ മാസം പരേതസ്മരണ മാസമാണ്. മരണംമൂലംനമ്മിൽനിന്നുവേർപിരിഞ്ഞ എല്ലാവർക്കുംവേണ്ടി പ്രാർഥിക്കാനുള്ള സവിശേഷാവസരം. ദൈവനീതിയനുസരിച്ച് പാപത്തിനുപരിഹാരം ലഭിച്ച് സ്വർഗത്തിലെത്താൻ ശുദ്ധീകരണസ്ഥലത്ത് കഠിനപീഡകൾ അനുഭവിക്കണം. ഒടുവിൽ, ഉലയിൽ ശുദ്ധീകരിക്കപ്പെടുന്ന സ്വർണംപോലെ, ആത്മാവ് ജാജ്ജ്വല്യമാനമാകും.

പാപം മൂലം പറുദീസാ നഷ്ടമാക്കിയ മാനവരാശിയെ വീണ്ടെടുക്കാൻ ദൈവം മനുഷ്യനായവതരിച്ചതിന്റെ പുണ്യപ്പെട്ട ഓർമദിനമാണ് ക്രിസ്മസ്. പുല്ക്കൂട്ടിലല്ല, ഹൃദയത്തിലാണ് ഉണ്ണി പിറക്കേണ്ടത്. അതിനായി പ്രാർഥിച്ചൊരുങ്ങാം

സ്നേഹപൂർവം,

ചീഫ് എഡിറ്റർ

VINFORMATION
വിൻഫൊർമേഷൻ




ഹൈക്കോർട്ട് ജങ്ഷൻ
എറണാകുളം,
കൊച്ചി – 682 031
Email: vinformation2020@gmail.com
Website:www.ssvpverapoly.org

പുസ്തകം 18
ലക്കം 4
ഒക്ടോബർ – നവംബർ – ഡിസംബർ

പത്രാധിപസമിതി

വെരി റവ. മോൺ. ക്ലീറ്റസ് പറമ്പലോത്ത്
( രക്ഷാധികാരി )

റോക്കി രാജൻ

റാഫേൽ കളത്തിവീട്ടിൽ

എൻ.ജെ. സേവ്യർ ജയിംസ്

ആന്റണി കുറ്റിശ്ശേരി

ജോസ് ഫ്രാൻസിസ് വടക്കുംതല

ജോയി കൈമാതുരുത്തി

മാത്തച്ചൻ അറയ്ക്കൽ

ടി.എം. ജോസഫ് തൈപ്പറമ്പിൽ

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
( ചീഫ് എഡിറ്റർ )

ലേ ഔട്ട്, കവർ ഡിസൈൻ
& പ്രിന്റിങ്
ബുക്ക് ക്രാഫ്റ്റ്
ചേരാനല്ലൂർ – 682 034

വാർഷിക സംഭാവന : 30 രൂപ

*(സ്വകാര്യ വിതരണത്തിനുമാത്രം)*



# നമ്മുടെ പ്രാർഥനാസഹായം ആവശ്യപ്പെടുന്നവർ

പരേതാത്മാക്കൾക്ക് ആത്മശാന്തി കൈവരാൻ ജീവിച്ചിരിക്കുന്നവർ അവർക്കുവേണ്ടി പ്രാർഥനകളും പരിത്യാഗപ്രവൃത്തികളും ദാനധർമ്മങ്ങളും അർപ്പിക്കുകയും അനുഷ്ഠിക്കുകയും വേണമെന്ന് കത്തോലിക്കാ സഭാദർശനം സിദ്ധാന്തിക്കുന്നു. ഇതര ലോകമത വിഭാഗങ്ങൾമിക്കതിലും ഇത്തരം ഒരാശയത്തിന്റെ സ്വാധീനം കാണാനുണ്ട്.

ഉദ്ഭവപാപത്തിന്റെയും കർമപാപങ്ങളുടെയും കറകൾ നീക്കി ആത്മാക്കൾ ദൈവസന്നിധിയിലെത്തുകയെന്നത് സമ്പൂർണ സംശുദ്ധീകരണം ആവശ്യപ്പെടുന്ന ദൈവനീതിയുടെ ഭാഗമാണ്. ഏതു നീതിമാനും പരമഭക്തനും ദിവസത്തിൽ ഏഴുപ്രാവശ്യമെങ്കിലും പിഴയ്ക്കുന്നു എന്നു പറയാറുണ്ട്. അതിന് പരിഹാരം ആവശ്യമാണ്. ആ പരിഹാരവും പ്രായശ്ചിത്തവുമാണ് ശുദ്ധീകരണ സ്ഥലത്ത് നിവർത്തിതമാകുന്നതെന്നാണ് കത്തോലിക്കാ ദൈവശാസ്ത്രം. ഏതർഥത്തിലും അവർ ദൈവത്തിനുപ്രിയപ്പെട്ടവരാണ്. പാപത്തിൽ വീണു എന്നതിന്റെ പേരിൽ, അവർ നിത്യനരകത്തിൽ പതിക്കേണ്ടവരല്ല. പക്ഷേ, പാപശേലമില്ലാതെ സംശുദ്ധീകരിക്കപ്പെട്ടാൽ മാത്രമേ, സർവവിശുദ്ധിതന്നെയായ ദൈവസന്നിധി പ്രാപിക്കുകയുള്ളൂ. അതാണ് ദൈവനീതി. അവരുടെ പാപക്കറകൾ നീങ്ങി, കടങ്ങൾ വീടപ്പെട്ട് ഒരുനാൾ അവർ സ്വർഗത്തിലെത്തും. അങ്ങനെയൊരു വിശ്വാസവും പ്രതീക്ഷയും ശുദ്ധീകരണാത്മാക്കൾക്കുണ്ട് എന്നതാണ് എടുത്തുപറയേണ്ട കാര്യം.

പക്ഷേ, ഒരു കാര്യമുണ്ട്: അവർക്കു വിധിക്കപ്പെട്ട കാലാവധി മുഴുവനും ശുദ്ധീകരണ ഇടത്തിൽത്തന്നെ കഴിയേണ്ടിവരും, അവർക്കുവേണ്ടിത്തന്നെ അവക്കൊന്നും ചെയ്യാനാവില്ല എന്നതാണ് അവരെ സഹതാപാർഹരാക്കുന്ന ഘടകം!

എന്നാൽ ഭൂമിയിൽ ജീവിച്ചിരിക്കുന്ന വിശ്വാസികൾക്ക് അവരെ സഹായിക്കാൻ കഴിയും. അവർക്കുവേണ്ടി നാമർപ്പിക്കുന്ന പ്രാർഥനകളും പരിത്യാഗപ്രവൃത്തികളും ദാനധർമങ്ങളും സർവോപരി ദിവ്യപൂജാർപ്പണവും അവർക്ക് ആശ്വാസം പകരും. അവരുടെ ശിക്ഷാകാലാവധി അതിലൂടെ പരിമിതമാക്കപ്പെടും. നിസ്സഹായരാണെങ്കിലും ദൈവപ്രസാദത്തിലിരിക്കുന്ന അവർക്ക് സഹായം നല്കേണ്ടത് നമ്മുടെ ഒഴിച്ചു കൂടാനാവാത്ത കടമയത്രേ.

സ്നേഹപൂർവം,
**ക്ലീറ്റസച്ചൻ**



# ഭേദഗതി ചെയ്ത നിയമാവലി വരുന്നു.

**റോക്കി രാജൻ**

പ്രിയ സഹോദരങ്ങളേ,

രക്ഷകനെ കാത്തിരുന്ന ജനതയ്ക്ക് സ്നേഹത്തിന്റെ മഹാ വിരുന്നൊരുക്കിയ ദിവസമാണ് ക്രിസ്തുമസ്. ദൈവിക പദ്ധതിയിൽ മനുഷ്യൻ പങ്കാളിയായതിന്റെ ഓർമദിനം. ദൂതനിൽനിന്ന് മംഗളവർത്ത സ്വീകരിച്ച മറിയവും സ്വപ്നത്തിലെ ദൂതന്റെ നിർദേശം അനുസരിച്ച ജോസഫും വിനീത വിധേയരായി ദൈവഹിതം നിറവേറ്റുന്നു. അതുപോലെ വിൻസെൻഷ്യൻ ദൈവവിളിയിലൂടെ ദൈവിക പദ്ധതിയിൽ പങ്കാളികളാകുന്ന നമ്മുടെയും 'ഇതാ കർത്താവിന്റെ ദാസി/ദാസൻ' എന്ന പ്രത്യുത്തരത്തിന്റെ ഒരു ഓർമപ്പെടുത്തൽ കൂടിയാകട്ടെ ആഗതമാകുന്ന ക്രിസ്തുമസ്.

സ്നേഹമുള്ളവരേ, ഇക്കഴിഞ്ഞ സെപ്റ്റംബറിൽ ബാംഗ്ലൂരിൽ സമാപിച്ച നമ്മുടെ സൊസൈറ്റിയുടെ ദേശീയ കൗൺസിലിന്റെ വാർഷികയോഗം, അടുത്ത വർഷത്തെ (2025) സമ്മേളനത്തിനായി വരാപ്പുഴ അതിരൂപതയെ തിരഞ്ഞെടുത്തത് ഇതിനകം അറിഞ്ഞുകാണുമല്ലോ. 2023-ൽ മാംഗ്ലൂർ എ ജി എം പാസ്സാക്കിയ ഭേദഗതികൾ ഉൾപ്പെടുന്ന സൊസൈറ്റി നിയമാവലി അന്തർദേശീയ കൗൺസിലിന്റെ അംഗീകാരത്തോടെ ഈ സമ്മേളനത്തിൽ പ്രകാശനം ചെയ്തു. ഇന്ത്യയിലെ കോൺഫറൻസുകൾക്കും കൗൺസിലുകൾക്കുമുള്ള 'പുതിയ നിയമാവലി 2024'-ന്റെ മലയാളം പതിപ്പ് ഉടനേ ലഭ്യമാകും. പുതിയ നിയമാവലിയുടെ ഒരു കോപ്പി സൊസൈറ്റിയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിന് എല്ലാ കോൺഫറൻസ് അംഗങ്ങളും സ്വന്തമായി സൂക്ഷിക്കുന്നത് നന്നായിരിക്കും.

ഈ വർഷം നമുക്ക് ഇനിയുള്ള പ്രധാന കാര്യങ്ങൾ സകലവിശുദ്ധരുടെയും തിരുനാൾ, മരിച്ച വിശ്വാസികളുടെ തിരുനാൾ, പരേതർക്കു വേണ്ടിയുള്ള പ്രത്യേക ദിവ്യബലി, പരേത സ്മരണ പ്രാർഥനകൾ, സിമിത്തേരി സന്ദർശനം, ഓസാനം ഫെസ്റ്റ്, വിദ്യാഭ്യാസ സഹായനിധി വിതരണം, വാർഷിക ധ്യാനം എന്നിവയാണ്. സ്കോളർഷിപ്, എൻഡോവ്മെന്റ്, ഇന്റേണൽ ട്വിന്നിങ് സ്പോൺസർഷിപ് എന്നീ നിയോഗങ്ങൾക്ക് കോൺഫറൻസുകൾ ശേഖരിച്ചിട്ടുള്ള തുകകൾ എത്രയും വേഗം സി.സി.യിലേക്ക് കൈമാറണമെന്നും ഓർമപ്പെടുത്തുന്നു.

വാർഷികധ്യാനസംഗമത്തിലേക്ക് ഏവരെയും സ്നേഹപൂർവം സ്വാഗതം ചെയ്തുകൊണ്ട് ക്രിസ്തുമസ് പുതുവത്സരാശംസകളോടെ,

സ്നേഹപൂർവം,
**സി.സി. പ്രസിഡന്റ്**






**ഫാ. ഷൈജു അഗസ്റ്റിൻ തോപ്പിൽ**
മേരി മാഗ്ദലിൻ ചർച്ച്, മരട്, മൂത്തേടം



# പരിശുദ്ധ ജപമാലയുടെ മഹിമകൾ

ഒക്ടോബർ ഏഴാം തീയതി നാം പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിക്കുന്നു. സാഘോഷ ജപമാലയർപ്പണം ഈ മാസം നമ്മുടെ എല്ലാ ഭവനങ്ങളിലും, കുടുംബയൂണിറ്റുകളിലും ഇടവക ദേവാലയത്തിലും നാം നടത്തിവരുന്നു. ദൈവം നമുക്കായി യഥാസമയം പൂർത്തീകരിച്ച നമ്മുടെ രക്ഷാകര രഹസ്യങ്ങൾ ഏറ്റം മനോഹരമായി സമന്വയിപ്പിച്ചിട്ടുള്ള ഈ പ്രാർഥനാരീതി നമ്മൾ ചിരകാലമായി അഭ്യസിച്ചുവരുന്ന ഒന്നാണ്.

പരമ്പരാഗതമായി ലഭിച്ച 5 രഹസ്യങ്ങളുടെ 3 സംഗ്രഹങ്ങളും വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ കൂട്ടിച്ചേർത്ത 'പ്രകാശത്തിന്റെ രഹസ്യ'ങ്ങളും ഉൾക്കൊള്ളുന്ന 20 രഹസ്യങ്ങളുടെ ധ്യാനാത്മകമായ പ്രാർഥനയാണ് ജപമാല.

സാധാരണമായി ദിവസത്തിന്റെ പ്രത്യേകത അനുസരിച്ച് അഞ്ച് രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗണമാണ് ജപമാല പ്രാർഥനയിൽ ഓരോ ദിവസവും ഉൾപ്പെടുത്തുന്നത്. അങ്ങനെ സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും മഹത്ത്വത്തിന്റെയും പ്രകാശത്തിന്റെയും രഹസ്യങ്ങൾ ധ്യാനിക്കുന്നതിലൂടെ ദൈവത്തിന്റെ ഈ രക്ഷാകരപദ്ധതി നമ്മുടെ ജീവിതത്തിൽ സായത്തമാക്കുന്നതിനും വചനാധിഷ്ഠിതമായ ധ്യാനത്തിലൂടെ ദൈവിക പദ്ധതിയോട് ചേർന്ന് പ്രവർത്തിക്കുന്നതിനും പരിശുദ്ധ കന്യകമറിയത്തെപ്പോലെ ഓരോ വ്യക്തിയെയും സഹായിക്കുന്നതിനുമുള്ളതത്രേ ജപമാല പ്രാർഥന.

നൂറ്റാണ്ടുകളുടെ പഴക്കമുള്ള പ്രാർഥനയാണ് ജപമാല അഥവാ കൊന്ത. മൂന്നാം നൂറ്റാണ്ടിലെയും നാലാം നൂറ്റാണ്ടിലെയും മരുഭൂമിയിലെ പിതാക്കന്മാർ ചരടിൽ കെട്ടുകൾ ഇട്ട് പ്രാർഥിക്കാൻ പരിശീലിപ്പിച്ചിരുന്നു. 431–ലെ എഫേസൂസ് കൗൺസിലിനുശേഷം മാതാവിനോടുള്ള ഭക്തിശക്തി പ്രാപിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. 1569–ൽ 'Consueverunt Romani-CalltoPrayer' എന്ന അപ്പസ്തോലിക തിരുവെഴുത്ത് വഴി അഞ്ചാം പീയൂസ് പാപ്പായാണ് ഇപ്പോഴുള്ള രീതിയിൽ ആദ്യ ഗണം 15 രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ജപമാല പ്രാർഥന നിയതമാക്കിയത്. 1571 ഒക്ടോബർ ഏഴാം തീയതി ജപമാല രാജ്ഞിയുടെ തിരുനാളും ആരംഭിച്ചു. ജപമാലയിൽ വാചിക പ്രാർഥനയും ഒപ്പം ധ്യാനവും ഉൾച്ചേർന്നതാണ് എന്ന് പാപ്പാ നിസ്സംശയം പ്രസ്താവിക്കുന്നുണ്ട്. ഇരുപ

താം നൂറ്റാണ്ട് വരെ അപ്രകാരം ജപമാല സാധാരണഗതിയിൽ വിശ്വാസികൾ ചൊല്ലിപ്പോന്നു. 2002 – ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ 'റൊസാരിയും വെർജിനീസ് മരിയേ' എന്ന അപ്പോസ്തോലിക ലേഖനത്തിലൂടെ പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂടി ജപമാലയിൽ ചേർത്തു. ഇങ്ങനെ ഇപ്പോഴത്തെ രീതിയിലുള്ള ജപമാല പ്രാർഥനയായി.

**സാധാരണക്രമം**

കുരിശ് അടയാളത്താൽ ആരംഭിക്കുന്ന ജപമാല ചൊല്ലുമ്പോൾ ജപമാല ഒരുക്കപ്രാർഥനയും വിശ്വാസപ്രമാണവും കൊന്തയുടെ കുരിശ് കയ്യിൽ പിടിച്ചുകൊണ്ട് ചൊല്ലുന്നു. തുടർന്ന് കർത്തൃപ്രാർഥനയും മൂന്ന് ദൈവിക പുണ്യങ്ങൾക്കായുള്ള നന്മ നിറഞ്ഞ മറിയമേ പ്രാർഥനയും തുടർന്ന് ത്രിത്വസ്തുതിയും ചൊല്ലുന്നു.

കാലത്തിന്റെയും ദിവസത്തിന്റെയും ക്രമമനുസരിച്ച് സന്തോഷത്തിന്റെയോ ദുഃഖത്തിന്റെയോ, മഹിമയുടെയോ പ്രകാശത്തിന്റെയോ ദിവ്യരഹസ്യങ്ങൾ ചൊല്ലിക്കൊണ്ട് കർത്തൃപ്രാർഥനയും 10 തവണ നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർഥനയും ത്രിത്വസ്തുതിയും ധ്യാനാത്മകമായി ചൊല്ലുന്നു. 'ഓ എന്റെ ഈശോയേ' എന്നു തുടങ്ങുന്ന ഫാത്തിമാസുകൃതജപം ഓരോ ത്രിത്വസ്തുതിക്കും ശേഷം ചൊല്ലുന്നു. തുടർന്ന് ജപമാല സമർപ്പണ പ്രാർഥനയും പരിശുദ്ധ ദൈവമാതാവിന്റെ ലുത്തിനിയ (ലോറേറ്റോ ലുത്തിനിയ)യുംചൊല്ലിജപമാലസമർപ്പിക്കുന്നു. പരിശുദ്ധ രാജ്ഞീ എന്ന് തുടങ്ങുന്ന ജപവും എത്രയും ദയയുള്ള മാതാവേ എന്ന പ്രാർഥനയും ചൊല്ലി പ്രാർഥന സമാപിപ്പിക്കുന്നു. മിക്ക ഭവനങ്ങളിലും വിശുദ്ധ യൗസേപ്പിതാവിനോടുള്ള പ്രാർഥനയും ഇതിനുശേഷം ചൊല്ലാറുണ്ട്.

**ജപമാല ഭക്തിയുടെ ആധ്യാത്മികത**

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ജപമാലഭക്തനായിരുന്നു എന്ന കാര്യം നമുക്കറിയാം. ക്രിസ്തീയ ആധ്യാത്മികതയുടെ മുഖ്യകേന്ദ്രത്തിൽത്തന്നെയാണ് പാപ്പാ ജപമാല ഭക്തിയെ കാണുന്നത്. പാപ്പാ ജപമാല ഭക്തിയെ വിളിക്കുന്നത് 'ക്രൈസ്തവ ധ്യാനവഴികളിലെ ഏറ്റവും ശക്തവും സൂക്ഷ്മവുമായ പാരമ്പര്യം' എന്നാണ്. പതിനൊന്നാം പീയൂസ് പാപ്പായുടെ അഭിപ്രായത്തിൽ, 'സാത്താനെതിരായുള്ള യുദ്ധത്തിലെ ഏറ്റവും ശക്തമായ ആയുധമാണ് ജപമാല.' പാപ്പാമാരും വിശുദ്ധരും ജപമാലയുടെ ധ്യാനാത്മകഭാവത്തെക്കുറിച്ച് വാചാലരാണ്. ജപമാല ചൊല്ലുമ്പോൾ ഉണ്ടാകേണ്ട ആദരവികരങ്ങളും നിയോഗശുദ്ധിയും ചൊല്ലുന്നതിലെ ഏകാഗ്രതയും മറ്റും ഈ ഭക്താനുഷ്ഠാനം ഏറ്റവും അനുഗ്രഹപ്രദമാക്കുന്നു. 'ലക്സിയോ ദിവീന' എന്ന വേദപുസ്തക വായനാധ്യാനം ഏതു വ്യക്തിക്കും – വായിക്കാൻ അറിവില്ലാത്തവർക്കു പോലും – പ്രാപ്യമായ പ്രാർഥനാരീതിയാണ്.

ഈ ജപമാല മാസത്തിൽ യഥാവിധി ധ്യാനിച്ചുകൊണ്ട് നമ്മോട് സംസാരിക്കുന്ന ദൈവത്തെ കണ്ടെത്താനും അവിടത്തെ ഹിതം തിരിച്ചറിയാനും, അതനുസരിച്ച് ജീവിതം ക്രമപ്പെടുത്താനും ജപമാലയർപ്പണത്തിലൂടെ നമുക്കു സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. ജപമാല രാജ്ഞി നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ച് എന്നും പ്രാർഥിക്കും.

*(ആധമർണ്യം : ജീവദീപ്തി)*





## മുനമ്പം സമരത്തിന് ഐക്യദാർഢ്യം

മുനമ്പം വഖഫ് അനീതിക്കെതിരെ, തങ്ങളുടെ ഭൂമിയിലെ റവന്യൂ അവകാശങ്ങൾ പുനസ്ഥാപിക്കുന്നതിനുവേണ്ടി മുനമ്പത്തെ ജനത നടത്തുന്ന നിരാഹാര സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് 2024 ഒക്ടോബർ 29-ന് വരാപ്പുഴ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിന്റെ നേതൃത്വത്തിൽ നടന്ന ഐക്യദാർഢ്യ വാഹന റാലിയിലും മുനമ്പം കടപ്പുറം പള്ളിയിൽ നിരാഹാര വേദിയിൽ നടന്ന സമ്മേളനത്തിലും സി സി പ്രസിഡണ്ട് ബ്ര.റോക്കി രാജനോടൊപ്പം സൊസൈറ്റി അംഗങ്ങളും സജീവമായി പങ്കെടുത്തു.

സ്നേഹസ്മരണയ്ക്ക്

**50-ാം ചരമവാർഷികം**





## സേവ്യർ വർക്കി

**കുറ്റിശ്ശേരി**

**ജനനം : 19.11.1919**

**മരണം : 10.12.1974**

*Advt.*

***(വരാപ്പുഴ സി.സി. മുൻ പ്രസിഡന്റ് ബ്ര. ആന്റണി കുറ്റിശ്ശേരിയുടെ പിതാവ്)***

# 70-ാമത് ദേശീയ വാർഷികസമ്മേളനം

**റോക്കി രാജൻ,** സി.സി. പ്രസിഡന്റ്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ 70-ാം വാർഷിക സമ്മേളനം 2024 സെപ്റ്റംബറിൽ മാണ്ഡ്യ സി.സി.യുടെ ആതിഥേയത്വത്തിൽ നടന്നു. ബാംഗ്ലൂർ ക്രൈസ്റ്റ് കോളജ് ക്യാമ്പസിലെ ധർമാരാം വിദ്യാക്ഷേത്രത്തിൽവച്ചാണ് ത്രിദിന സമ്മേളനം സംഘടിപ്പിച്ചത്. സെപ്റ്റംബർ 13-ന് വെള്ളിയാഴ്ച രാവിലേ നാഷണൽ കൗൺസിൽ ബോർഡ്, മാനേജിങ് കമ്മിറ്റികൾ സമ്മേളിച്ചു. വൈകീട്ട് 4 മണിക്ക് ദിവ്യബലിയോടെ പരിപാടികൾ ആരംഭിച്ചു. മാണ്ഡ്യ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ആതിഥേയ സി സി പ്രസിഡണ്ട് ബ്ര. ടോം തോമസ് ഏവർക്കും സ്വാഗതം ആശംസിച്ചു. നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ അധ്യക്ഷൻ ബ്ര. ജൂഡ് മംഗൾരാജ് അധ്യക്ഷതവഹിച്ചു. മാണ്ഡ്യ സി.സി. ആധ്യാത്മിക ഉപദേഷ്ടാവ് വെരി റവ. ഫാ. ഡോണി, കൗൺസിൽ ജനറൽ ഇന്റർനാഷണൽ വൈസ്പ്രസിഡണ്ട് ബ്ര. ജോസഫ് പാണ്ട്യൻ എന്നിവർ സന്നിഹിതരായിരുന്നു. ഇന്ത്യയിലെ എല്ലാ സെൻട്രൽ കൗൺസിലുകളിലും നിന്നുള്ള പ്രസിഡന്റുമാരും നാഷണൽ കൗൺസിൽ ബോർഡ് അംഗങ്ങളും മാനേജിങ് കമ്മിറ്റി അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുത്തു. ദേശീയ കൗൺസിലിന്റെ ആധ്യാത്മകോപദേഷ്ടാവ് വെരി റവ. ഫാ. ജോസഫ് ജയകുമാർ ആധ്യാത്മിക പ്രഭാഷണം നടത്തി. നാഷണൽ കൗൺസിൽ സെക്രട്ടറി ബ്ര. സാന്തിയാഗോ മാണിക്കം 2023-24-ലെ റിപ്പോർട്ടും ട്രഷറർ ബ്ര. ആന്റണി രാജ് കണക്കുകളും അവതരിപ്പിച്ചു. ഓഡിറ്റേഴ്സ് റിപ്പോർട്ടും അവതരിപ്പിക്കപ്പെട്ടു. അത്താഴം, ജപമാല എന്നിവയോടെ ആദ്യ ദിനം സമാപിച്ചു.

പിറ്റേന്ന് ശനിയാഴ്ച രാവിലേ നടന്ന സമ്മേളനത്തിൽ കേന്ദ്രസർക്കാരിന്റെ പുത്തൻ സാമ്പത്തിക നയങ്ങളുമായി ബന്ധപ്പെട്ട് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, ഭാവിയിൽ നടപ്പാക്കേണ്ട സി.സി. തല രജിസ്ട്രേഷൻ, ബാങ്ക് ഇടപാടുകളിൽമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് ട്രഷറർ ബ്ര. ആന്റണി രാജ്, സീനിയർ വൈസ് പ്രസിഡണ്ടും ചീഫ് ഓഡിറ്ററുമായ ബ്ര. സെബാസ്റ്റ്യൻ തോമസ് എന്നിവർ സംസാരിച്ചു. വിദേശ ടിന്നിങ് നയങ്ങളിലെ പ്രധാന മാറ്റങ്ങളെക്കുറിച്ച് ടിന്നിങ് കോ ഓഡിനേറ്റർ ബ്ര. സ്റ്റാൻലി മൈക്കളും കോൺഫറൻസുകൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് വൈസ് പ്രസിഡണ്ട് ബ്ര. ഡി ഫ്രാൻസിസും സംസാരിച്ചു. കഴിഞ്ഞ വർഷം നാഷണൽ കൗൺസിൽ നടത്തിയ മറ്റ് പരിപാടികളുടെ റിപ്പോർട്ടിങ്ങും ബന്ധപ്പെട്ട ഓഫീസർമാർ നടത്തി. നാഷണൽ കൗൺസിൽ യുവജന പ്രതിനിധി ബ്ര. അലിസ്റ്റർ ഫ്രാങ്ക്, വനിത പ്രതിനിധി സി. ജോളി സെബാസ്റ്റ്യൻ, മിനി വിന്നീസ് ഇൻ ചാർജ് ബ്ര. രാകേഷ് എന്നിവരുടെ പവർ പോയിന്റ് പ്രസന്റേഷനും ഉണ്ടായിരുന്നു. ആരാധന, റീജിയണൽ കൗൺസിലുകളുടെ പ്രത്യേക മീറ്റിങ്ങുകൾ എന്നിവയോടെ രണ്ടാം ദിനം പൂർത്തിയായി.

കഴിഞ്ഞവർഷം മംഗലാപുരം എ.ജി.എം. പാസ്സാക്കിയ സൊസൈറ്റി നിയമാവലി ഭേദഗതി ഉൾപ്പെടുന്ന ഇന്ത്യയിലെ സൊസൈറ്റിയുടെ പുതിയ നിയമാവലി പുസ്തകം 2024 പതിപ്പ് ഞായറാഴ്ച രാവിലേ പ്രകാശനം ചെയ്തു. കൗൺസിൽ ജനറൽ ഇന്റർനാഷണൽ അംഗീകരിച്ച ഭേദഗതികൾ റൂൾസ് റിവിഷൻ കമ്മിറ്റി ചെയർമാൻ ബ്ര. സെബാസ്റ്റ്യൻ തോമസ്, കമ്മിറ്റി അംഗവും പുതിയ നിയമാവലിയുടെ മുഖ്യശില്പിയുമായ ബ്ര. ലിറ്റോ പാലത്തിങ്കൽ എന്നിവർ ചേർന്നാണ് അവതരിപ്പിച്ചത്. നാഷണൽ കൗൺസിൽ സബ്സിഡിയോടെ 20 രൂപ നിരക്കിൽ ഇതു ലഭ്യമാകുമെന്ന് അധ്യക്ഷൻ ബ്ര. ജൂഡ് അറിയിച്ചു. പ്രാദേശികഭാഷാപതിപ്പുകൾ എത്രയും വേഗം പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. തന്റെ ബോർഡ്, മാനേജിഗ് കമ്മിറ്റി അംഗങ്ങൾ, സി സി പ്രസിഡണ്ടുമാർ എന്നിവരുടെ സേവനങ്ങൾക്ക് അദ്ദേഹം നന്ദി പറഞ്ഞു. സമ്മേളനത്തിന്റെ പൊതുവിലയിരുത്തലുകൾക്കു ശേഷം അടുത്ത സമ്മേളനവേദിയായി വരാപ്പുഴ സെൻട്രൽ കൗൺസിലിനെ യോഗം തിരഞ്ഞെടുത്തു. വരാപ്പുഴ സി സി പ്രസിഡണ്ട് എല്ലാ നാഷണൽ കൗൺസിൽ അംഗങ്ങളെയും 2025-ലെ എ.ജി.എം-ന് വരാപ്പുഴയിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി ബ്ര. സാന്തിയാഗോ മാണിക്കത്തിന്റെ ഔദ്യോഗിക നന്ദിപ്രകാശത്തോടെയും തിരുവോണ സദ്യയോടെയും രണ്ടു മണിക്ക് 70-ാം വാർഷിക സമ്മേളനം പര്യവസാനിച്ചു.



## അഭിനന്ദനങ്ങൾ

വൈപ്പിൻ മിഡിൽ എ.സി.യിലെ കർത്തേടം സെന്റ് ജോർജ് കോൺഫറൻസ് അംഗം **ബ്ര. വിനോജ് പി.ജി. പറമ്പലോത്തിന്** എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങിൽ പി.എച്ച്.ഡി ലഭിച്ചു. പക്ഷാഘാതം ഉള്ളവർക്ക് സ്വയം പ്രവർത്തിക്കാവുന്ന ‘BRAIN ACTIVATED ASSISTIVE TECHNOLAGY FOR PARALIZED എന്ന ഗവേഷണ വിഷയത്തിലാണ് പി.എച്ച്.ഡി പ്രബന്ധം അവതരിപ്പിച്ചത്. അതോടൊപ്പം പേറ്റന്റും ലഭിച്ചു. അഭിനന്ദനങ്ങൾ.

## ക്രിസ്താനുകരണം

**തോമസ് അക്കമ്പിസ്**

കലവറ കൂടാതെ നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നതാണ് അവിടത്തെ സ്വായത്തമാക്കാനും സമാധാനത്തിൽ ജീവിക്കാനുമുള്ള യഥാർഥ മാർഗം. എന്നാൽ കഷ്ടമേ, എത്ര കുറച്ചുപേർമാത്രം ഇങ്ങനെ സ്വയം സമർപ്പിക്കുന്നു! ചിലർ തങ്ങളുടെ ഹൃദയം ദൈവത്തിനും സൃഷ്ടികൾക്കുമായി ഭാഗിച്ചുകൊടുത്തിരിക്കയാണ്. അവർ അവിടത്തെ സ്നേഹിക്കുമ്പോൾ തങ്ങളെത്തന്നെയാണ് സ്നേഹിക്കുന്നത്. പകുതിപകുതിയായുള്ള ഈ സ്നേഹം തങ്ങൾക്കു ദോഷമാണെന്ന് അവർക്കറിയാം. നമ്മുടെ ഹൃദയം പൂർണമായും ദൈവത്തിന്റേതല്ലെങ്കിൽ ദൈവം നമ്മുടെ രാജാവാകുന്നില്ല. രണ്ടു രാജാക്കന്മാർക്ക് നമ്മുടെ ഹൃദയത്തിൽ ഒരേ സമയം വാഴാൻ നിവൃത്തിയില്ല.

# വൈപ്പിൻ മേഖല വിൻസെൻഷ്യൻ സംഗമം 2024



വൈപ്പിൻ മേഖലയിലെ വൈപ്പിൻ നോർത്ത്, വൈപ്പിൻ മിഡിൽ, വൈപ്പിൻ സൗത്ത് എന്നീ മൂന്ന് ഏരിയ കൗൺസിലുകൾ വളരെ വർഷങ്ങളായി നടത്തിവരുന്ന ഒരു സ്നേഹകൂട്ടായ്മയാണ് വൈപ്പിൻ മേഖലാ വിൻസെൻഷ്യൻ സംഗമം. ഈ വർഷം ഈ വിൻസെൻഷ്യൻ സംഗമം വൈപ്പിൻ മിഡിൽ ഏരിയ കൗൺസിലിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 29 ഞായറാഴ്ച പെരുമ്പിള്ളി മറെല്ലോ പബ്ലിക് സ്കൂളിൽ വച്ച് രാവിലെ 9 മണിയോടെ ആരംഭിച്ചു.യോഗത്തിൽവൈപ്പിൻ സൗത്ത് എ.സി. പ്രസിഡന്റ് ബ്ര. അംബ്രോസ് ചാണയിൽ അധ്യക്ഷനായിരുന്നു. വരാപ്പുഴ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. റോക്കി രാജൻ സംഗമം ഉദ്ഘാടനം ചെയ്തു. വൈപ്പിൻ മിഡിൽ എ.സി.യുടെ ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോസഫ് തട്ടാശ്ശേരി അനുഗ്രഹപ്രഭാഷണം നല്കി. നാഷണൽ കൗൺസിൽ പ്രോജക്റ്റ് ഓഫീസർ ബ്ര. സ്റ്റാൻലി മൈക്കൾ ഇട്ടിക്കുന്നത്ത് ആശംസകൾ അറിയിച്ചു.

മഞ്ഞനക്കാട് സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് വികാരി ഫാ. ബൈജു സേവ്യർ തറേപ്പറമ്പിൽ നടത്തിയ സ്റ്റഡിക്ലാസ്സ് എല്ലാവർക്കും നല്ലൊരു അനുഭവം നല്കി. വൈപ്പിൻ നോർത്ത് എ.സി. പ്രസിഡന്റ് ബ്ര. ആന്റണി തുണ്ടത്തിൽ സംഗമത്തിനു നന്ദി അറിയിച്ചു. ദിവ്യബലിക്ക് ഫാ. വിബിൻ ഡിക്രൂസ് ഒ.എസ്.ജെ. കാർമികത്വം വഹിച്ചു. സി.സി. അഡ്വൈസർ, ബോർഡ് അംഗം ബ്ര. റാഫേൽ കളത്തിവീട്ടിൽ പ്രതിജ്ഞ പുതുക്കി. 150 ഓളം അംഗങ്ങൾ പങ്കെടുത്ത യോഗം സ്നേഹവിരുന്നോടെ ഉച്ചയ്ക്ക് 2 മണിക്ക് സമാപിച്ചു

# ഓസാനം ഫെസ്റ്റ് 2025

**ജിസ്ന ജോസഫ്,** യുവജനപ്രതിനിധി

കെ.ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ യുവജനങ്ങളെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനും അവരിൽ സഹായമനോഭാവത്തോടൊപ്പം കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും നടത്തിവരുന്ന ''ഓസാനം ഫെസ്റ്റ്'' ഈ വർഷവും 2025 ജനുവരി 11, ശനിയാഴ്ച രാവിലേ 9.30 മുതൽ എറണാകുളം സെന്റ് ആൽബർട്ട്സ് ഹയർ സെക്കന്ററി സ്കൂളിൽ വച്ചു നടത്തുന്നു. ഇതിനുമുന്നോടിയായി വരാപ്പുഴ സി.സി.യുടെ കീഴിലുള്ള എല്ലാ എ.സി. കളിലും ഒക്ടോബർ മാസത്തിൽ കോൺഫറൻസ് തല മത്സരങ്ങൾ നടത്തി വിജയികളെ നവംബർ 23–ന് ശനിയാഴ്ച രാവിലേ 9.30ന് സി.സി. ഓഫീസിൽ വച്ച് നടത്തുന്ന സി.സി.തല മത്സരത്തിൽ പങ്കെടുപ്പിക്കുന്നു. അതോടൊപ്പം കെ.ആർ.സി.സി. തലത്തിലുള്ള മത്സരങ്ങൾ സെന്റ് ആൽബർട്സിൽ നടത്തുന്നതിന് വരാപ്പുഴ സെൻട്രൽ കൗൺസിലാണ് ആതിഥേയത്വം വഹിക്കുന്നത്. അതിനാൽ എല്ലാ എ.സി.യിലും നിന്ന് രണ്ട് യൂത്ത് വോളന്റിയേഴ്സിനെ എങ്കിലും അയയ്ക്കണം. നേതൃത്വം ഏറ്റെടുക്കാനും നടത്താനും അവർക്ക് അതൊരു പ്രചോദനം നല്കും.

വിഭാഗങ്ങളും വിഷയങ്ങളും ചുവടേ ചേർക്കുന്നു. വിജയികളുടെ പേരുകൾ അയയ്ക്കേണ്ടത് വരാപ്പുഴ സി.സി.യുടെ യൂത്ത് കമ്മിറ്റിയുടെ ഔദ്യോഗിക മെയിൽ അഡ്രസായ ssvpccyouth@gmail.com എന്നതിലേക്കാണ്.

**1. ജൂനിയർ,** പ്രായപരിധി 12–17

**മത്സര ഇനങ്ങൾ :** 1. ക്വിസ്, 2. ഭക്തി ഗാനം, 3. പ്രസംഗം, 4. ജലച്ഛായം

**2.യൂത്ത് മെമ്പർ,** പ്രായപരിധി 18–30

**മത്സര ഇനങ്ങൾ :** 1. ക്വിസ്, 2. ഭക്തി ഗാനം, 3. പ്രസംഗം, 4. ഉപന്യാസം, 5. ജലച്ഛായം

**3.യൂത്ത് നോൺ മെമ്പർ,** പ്രായപരിധി 18–30

**മത്സര ഇനങ്ങൾ :** 1. ക്വിസ്, 2. ഭക്തി ഗാനം, 3. പ്രസംഗം, 4. ഉപന്യാസം, 5. ജലച്ഛായം

**4. സീനിയർ മെമ്പർ**, പ്രായപരിധി 30 ന് മുകളിൽ

**മത്സര ഇനങ്ങൾ :** 1. ക്വിസ്, 2. ഉപന്യാസം, 3. ഭക്തിഗാനം, 4. പ്രസംഗം,

**മത്സര നിബന്ധനകൾ**

1. ഒരിനത്തിൽ സി.സി.യിൽ നിന്ന് ഒരാൾക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.
2. ഒരു മത്സരാർഥി ഒരു മത്സരത്തിൽ മാത്രമേ പങ്കെടുക്കാവൂ.

**ക്വിസ് മത്സരം വിഷയം**

1. വിൻസെൻഷ്യൻ നിയമാവലി (നിയമാവലി 2006 ലേത്) മാർക്ക് 25
2. നിയമാവലിയിലെ ജീവചരിത്രം : വിശുദ്ധ വിൻസെന്റ് ഡി പോൾ, ഫ്രെഡറിക് ഓസാനം, ജിയോർജിയോ ഫ്രസാറ്റി, കൊണ്ടാർഡോ ഫെറീനി: മാർക്ക് 10
3. സഭാചരിത്രം : മാർക്ക് 5
4. ലൂക്കായുടെ സുവിശേഷം 9 മുതൽ 16 വരെ അധ്യായങ്ങൾ. മാർക്ക് 10. ആകെ മാർക്ക് 50

**ഭക്തിഗാനം**

1. ക്രിസ്തീയ ഭക്തിഗാനങ്ങളാണ് ആലപിക്കേണ്ടത്
2. സമയം 5 മിനിട്ടിൽ കൂടരുത്.

**പ്രസംഗം**

1. അവതാരണ സമയം 5 മിനിട്ട് ആയിരിക്കും.
2. താഴെ നല്കിയിരിക്കുന്ന വിഷയങ്ങളിൽ ഒരെണ്ണം നറുക്കിട്ട് മത്സരത്തിന് അഞ്ച് മിനിട്ട് മുമ്പ് നല്കുന്നതാണ്.

1. അയല്ക്കാരന്റെ ഉപമയും വിൻസെന്റ് ഡി പോൾ സൊസൈറ്റിയും
2. ഈശോയുടെ സ്നേഹവും വിൻസെന്റ് ഡി പോൾ സൊസൈറ്റിയും
3. വിശുദ്ധ വിൻസെന്റ് ഡി പോൾ പരസ്നേഹ പ്രവൃത്തികളുടെ മധ്യസ്ഥൻ

**ഉപന്യാസം**

1. മത്സര സമയം ഒരു മണിക്കൂറും 30 മിനിട്ടും ആയിരിക്കും.
2. പേപ്പറിന്റെ ഒരു വശത്തു മാത്രം എഴുതുക.
3. 5 മുതൽ 7 വരെയുള്ള പേജുകളിലാണ് ഉപന്യാസം എഴുതേണ്ടത്. താഴെചേർത്തിരിക്കുന്ന മൂന്ന് വിഷയങ്ങളിൽ ഒരെണ്ണം മത്സരസമയത്ത് നലകുന്നതാണ്.

1. ഓസാനമിന്റെ ജീവിതമാതൃകയും കുടുംബങ്ങളും
2. പരസ്നേഹ പ്രവൃത്തികൾ വിശുദ്ധ ഗ്രന്ഥത്തിലും വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലും
3. യുവജനങ്ങളെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലേക്ക് ആകർഷിക്കാൻ എന്തുചെയ്യണം?

**ജലച്ചായം**

1. മത്സരത്തിനുള്ള ഡ്രോയിംഗ് പേപ്പർ കെ.ആർ.സി.സി.യിൽ നിന്നു നല്കുന്നതാണ്.
2. മറ്റു സാധന സാമഗ്രികൾ എല്ലാം തന്നെ മത്സരാർഥികൾകൊണ്ടുവരേണ്ടതാണ്.
3. മത്സര സമയം രണ്ട് മണിക്കൂർ ആയിരിക്കും.
4. വിഷയം മത്സരസമയത്ത് നല്കുന്നതാണ് (വിൻസെൻഷ്യൻ സംബന്ധിയായിരിക്കും.)



## പരേതർക്കു വേണ്ടി പ്രത്യേക ദിവ്യബലി, നവംബർ 9 – ന്

വരാപ്പുഴ വിൻസെൻഷ്യൻ കുടുംബത്തിലെ പരേതാത്മാക്കൾക്കു വേണ്ടി ഒരു പ്രത്യേക ദിവ്യബലി **2024 നവംബർ 9 ശനിയാഴ്ച വൈകീട്ട് 4 മണിക്ക്** എറണാകുളം ഉണ്ണീശോ ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്നതാണ്. പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ ഇടവക സഹവികാരി ബഹുമാനപ്പെട്ട സെബി വിക്ടർ തുണ്ടിപ്പറമ്പിൽ അച്ചനാണ് ഈ ബലിയർപ്പണം നടത്തുന്നത്. എല്ലാ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും സ്വാഗതം.

# എ.സി. വാർത്തകൾ

## ഫ്രെഡറിക് ഓസാനം, വിൻസെന്റ് ഡി പോൾ തിരുനാളാഘോഷം

**എറണാകുളം സൗത്ത് എ.സി.**

അംബികാപുരം വ്യാകുലമാതാ കോൺഫറൻസ് സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനമായ സെപ്തംബർ 27 പ്രത്യേക ദിവ്യബലിയോടുകൂടെ അംഗങ്ങൾ ആഘോഷിച്ചു. ആ ദിവസം അംബികാപുരം ദേവാലയത്തിൽ റവ.ഫാ. ടോണിയുടെ കാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ അംഗങ്ങൾ,ദത്തുകുടുംബാംഗങ്ങൾ, സഹായാംഗങ്ങൾ എന്നിവർ പങ്കെടുക്കുകയുംപ്രാരംഭപ്രദക്ഷിണം, വായന കാഴ്ചവയ്പ് എന്നിവയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു. അംഗങ്ങൾ പ്രതിജ്ഞാ നവീകരണം നടത്തി. കുർബാനയിൽ പങ്കെടുത്തവർക്ക് മിഠായിയും വിശുദ്ധന്റെ പ്രാർഥന അച്ചടിച്ച കാർഡും വിതരണം ചെയ്തു.

8 മണിക്ക് സന്ദേശനിലയത്തിൽ പ്രസിഡന്റ് സി.സിസിലി തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ടോണി, മദർ സൂപ്പിരിയർ ടീന എന്നിവർ പങ്കെടുക്കുകയും യോഗത്തിൽ പങ്കെടുത്തവർക്ക് തിരുനാൾ ആശംസകൾ നേരുകയും ചെയ്തു. അംഗങ്ങളോടൊപ്പം ദത്തുകുടുംബാംഗങ്ങൾ, സഹായാംഗങ്ങൾ മറ്റു സംഘടനാപ്രവർത്തകർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. പ്രാർഥനയ്ക്കും ബൈബിൾ പാരായണത്തിനും അംഗങ്ങൾ നേതൃത്വം നല്കി. ചെറിയൊരു ചായ സത്കാരത്തിനുശേഷം ബഹു. ടോണിയച്ചന്റെ ആശീർവാദത്തോടെ 9 മണിയോടുകൂടെ യോഗം സമംഗളം പര്യവസാനിച്ചു.

സെന്റ് വിൻസെന്റ് ഡി പോൾ ദിനത്തോടനുബന്ധിച്ച് കടവന്ത്ര ഓൾ സെയിൻസ് കോൺഫറൻസും സെന്റ് സെബാസ്റ്റ്യൻ കോൺഫറൻസും സംയുക്തമായി ഇടവകയിലെ 65 വയസ്സിനു മുകളിലുള്ളവർക്കായി സായം പ്രഭ സംഘടിപ്പിച്ചു. ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ ക്ലാസ് എടുത്തു. തുടർന്ന് ഇടവക വികാരി ഫാ. ജോൺസൺ ഡിക്കൂഞ്ഞ ബലിയർപ്പിച്ചു. 12.30ന് ഡോ. സ്റ്റിനി ജെയ്സൺ ജീവിതശൈലി രോഗങ്ങളെക്കുറിച്ചും ഭക്ഷണക്രമത്തെക്കുറിച്ചും വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. പരിപാടിയിൽ 85 പേർ പങ്കെടുത്തു. ഉച്ചഭക്ഷണം കഴിഞ്ഞ് നിറമനസ്സോടെ എല്ലാവരും വീട്ടിലേക്കു മടങ്ങി.

ബാക്കിയുള്ള വിവിധ കോൺഫറൻസുകൾ സാഘോഷ ദിവ്യബലിയോടെയും കാഴ്ചവയ്പും മറ്റു പരിപാടികളോടെയും ആഘോഷിച്ചു.

**എറണാകുളം ഈസ്റ്റ് എ.സി.**

2024 ഒക്ടോബർ 13-ാം തീയതി പൊന്നുരുന്നി കപ്പുച്ചിൻ ആശ്രമത്തിൽ എറണാകുളം ഈസ്റ്റ് എ.സി.യുടെ ഈ വർഷത്തെ ആധ്യാത്മിക ധ്യാനവും ആരാധനയും തിയോഫിൻ ഗിൽഡ് ഡയറക്ടർ റവ.ഫാ. ബിനോയ് ലിൻ നയിച്ചു. എ.സി. മീറ്റിംഗും സ്നേഹവിരുന്നും തിയോഫിൻ അച്ചന്റെ സന്നിധിയിൽ നടത്തി.

വെണ്ണല അഭയമാതാ പള്ളിയിൽ നടന്ന സെന്റ് വിൻസെന്റ് ഡി പോൾ ഫീസ്റ്റ് ഡേ ആഘോഷം ഇടവക വികാരി ഫാ. ബാബു വാവക്കാട്ട് വിശുദ്ധ കുർബാന അർപ്പിച്ച് ആധ്യാത്മിക പരിപാടികൾക്ക് നേതൃത്വം നല്കി. സി.സി. വൈസ്പ്രസിഡന്റ് ബ്രാ. ടി. എം. ജോസഫ് തൈപ്പറമ്പിലും, സി. സി. ജോയിന്റ് സെക്രട്ടറി സി. ആനിയും പങ്കെടുത്തു. വായന, കാഴ്ചവയ്പ് തുടങ്ങിയവയ്ക്ക് കോൺഫ

റൻസ് അംഗങ്ങൾ നേതൃത്വം നല്കി. ദിവ്യബലിക്കുശേഷം പ്രതിജ്ഞാനവീകരണം ബ്ര. ടി.എം. ജോസഫ് തൈപ്പറമ്പിൽ അംഗങ്ങൾക്ക് ചൊല്ലിക്കൊടുത്തു. തുടർന്ന് നേർച്ച വിതരണം നടത്തി. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ സ്കോളർഷിപ് വിതരണം നടത്തി. വാർഷിക റിപ്പോർട്ട് വികാരി ഫാ. ബാബു വാവക്കാട് സി. ആനിക്കു നല്കി പ്രകാശനം നിർവഹിച്ചു. പ്രസിഡന്റ് ബ്ര. ബെന്നി കണക്കനാട്ട് തിരുനാൾ പരിപാടികൾക്ക് നേതൃത്വം നല്കി.

വാഴത്തപ്പെട്ട ഫ്രെഡറിക് ഓസാനമിന്റെയും വിശുദ്ധ വിൻസെന്റ് ഡിപോളിന്റെയും തിരുനാളിന് വിശുദ്ധ ബലിയിൽ കാഴ്ചവയ്പിന് സെന്റ് ആന്റണീസ് കോൺഫറൻസ് അംഗങ്ങൾ, സഹായകാംഗങ്ങൾ എന്നിവർ നേതൃത്വം നല്കി. ദിവ്യബലിക്കുശേഷം എല്ലാവർക്കും മധുരം നല്കി. വിശുദ്ധന്റെ തിരുനാളിനോടനുബന്ധിച്ചു ഒക്ടോബർ 27-നു നടന്ന സൗജന്യ നേത്ര പരിശോധന ക്യാമ്പ് അത്താണി ഇടവകവികാരി റോബിൻസൺ അച്ചൻ ഉദ്ഘാടനം ചെയ്തു. ചൈതന്യ ഹോസ്പിറ്റലിൽ നിന്നു വന്ന ഡോക്ടറാണ് കണ്ണ് പരിശോധന നടത്തിയത്. 136 പേര് ഇതിൽ പങ്കെടുത്തു.

### വൈപ്പിൻ മിഡിൽ എ.സി

വെപ്പിൻ മിഡിൽ ഏരിയ കൗൺസിൽ രൂപം കൊണ്ടിട്ട് 2024 ജൂൺ 14 ന് 15 വർഷം പൂർത്തികരിച്ചു. 2009 മെയ് മാസം വരെ വൈപ്പിൻ നോർത്ത്, വൈപ്പിൻ സൗത്ത് എന്നീ രണ്ട് ഏരിയ കൗൺസിൽ ആയിരുന്നു. അതിൽ നിന്ന് കർത്തേടം, പെരുമാൾപ്പടി, ഞാറയ്ക്കൽ, മഞ്ഞനക്കാട്, പെരുമ്പിള്ളി എന്നീ ഇടവകകളിലെ സ്ത്രീ-പുരുഷ കോൺഫറൻസുകൾ അടങ്ങിയ 9 കോൺഫറൻസുകളുമായി 2009 ജൂൺ മാസം പുതിയ കൗൺസിൽ 'വൈപ്പിൻ മിഡിൽ' ഏരിയ കൗൺസിൽ രൂപവത്കരിച്ചു. പിന്നീട് ഇളങ്കുന്നപ്പുഴ ജപമാല രാജ്ഞി കോൺഫറൻസിനെക്കൂടി ചേർത്തു. 2024 ജൂലൈ മാസത്തെ എ.സി. യോഗത്തിനുമുൻപ് പതിനഞ്ചാം വാർഷികത്തിന്റെ നന്ദി സൂചകമായി പെരുമ്പിള്ളി ഹോളി ഫാമിലി പള്ളിയിൽ സഹവികാരി ഫാ. എഡിസൺ ജോസഫ് വില്ലനശ്ശേരിയുടെ കാർമികത്തിൽ ആരാധനയും തുടർന്ന് എ.സി. യോഗവും ചേർന്നു. യോഗത്തിൽ ആദ്യ പ്രസിഡന്റ് ബ്ര. എസ്. ആർ. ആന്റണി, മുൻ വൈസ് പ്രസിഡന്റ് സി. ആലീസ് ജെറോം ചിങ്ങന്തറ, സെക്രട്ടറി ബ്ര. ജോൺ അറയ്ക്കൽ എന്നിവർ അവരുടെ അനുഭവം പങ്കുവയ്ക്കുകയുണ്ടായി. എ.സി. പ്രസിഡന്റ് ബ്ര. ജിതിൻ കാച്ചപ്പിള്ളി പരേതരായ മുൻ അംഗങ്ങൾക്കുവേണ്ടി പ്രാർഥന നടത്തി. മുൻഭാരവാഹികളെ അനുമോദിച്ചു.

### ഉദയംപേരൂർ എ.സി

വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാളിനോടനുബന്ധിച്ച് 29.09.2024-ന് വൈകുന്നേരം 3 മണിക്ക് തൃപ്പൂണിത്തുറ വടക്കേക്കോട്ട സെന്റ് ജോസഫ് കോൺഫറൻസ് അംഗങ്ങൾ രോഗികളും പ്രായമുള്ളവരുമായി ഭവനങ്ങളിൽ കഴിയുന്നവരെ ദേവാലയത്തിൽ കൊണ്ടുവന്ന് അവർക്ക് കുമ്പസാരിക്കാനും ദിവ്യബലിയിൽ പങ്കുചേരുവാനും സൗകര്യം ഒരുക്കി. ബഹുമാനപ്പെട്ട ആത്മീയോപദേഷ്ടാവ് ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ നേതൃ

ത്വം നല്കുകയുണ്ടായി. തുടർന്ന് അവർക്ക് സ്നേഹസമ്മാനങ്ങളും സ്നേഹവിരുന്നും നല്കി.

**തോട്ടക്കാട്ടുകര എ.സി.**

എടത്തല സെന്റ് ജൂഡ് കോൺഫറൻസും വിമലഹൃദയ കോൺഫറൻസും സംയുക്തമായി സെപ്തംബർ 27-ന് വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആചരിച്ചു. രാവിലേ 6.30-ന് ഫാ. ആൽഫിൻ കൊച്ചുവീട്ടിലിന്റെ കാർമികത്വത്തിൽ ദിവ്യബലിയർപ്പിച്ചു. വായന, വിശ്വാസികളുടെ പ്രാർഥന എന്നിവ കോൺഫറൻസ് അംഗങ്ങൾ നടത്തി. കാഴ്ചസമർപ്പണത്തിന് പ്രവർത്തകാംഗങ്ങൾ കൂടാതെ കോൺഫറൻസുകളെ സാമ്പത്തികമായി സഹായിക്കുന്ന സഹായാംഗങ്ങളെയും ഉൾപ്പെടുത്തി. നാല്പതോളം പേർ കാഴ്ചയർപ്പിച്ചു. കുർബാനമധ്യേ വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് അച്ചൻ സന്ദേശം നല്കി. ദിവ്യബലിയെത്തുടർന്ന് ആരാധന നടന്നു. എല്ലാവർക്കും നേർച്ചയും നല്കി.

പോഞ്ഞാശ്ശേരി ആരോഗ്യമാതാ കോൺഫറൻസ് വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിലും ഫ്രെഡറിക് ഓസാനമിന്റെ തിരുനാൾ ദിനത്തിലും രാവിലേ 6.30 നു ദിവ്യബലി അർപ്പിച്ചു പ്രാർഥിച്ചു. 5 ദത്തുകുടുംബാംഗങ്ങളും കുർബാനയിൽ പങ്കെടുത്തു. കുർബാനയ്ക്കുശേഷം എല്ലാവർക്കും നേർച്ചയായി മധുരം വിതരണം നടത്തി.

**വരാപ്പുഴ എ.സി.**

എ.സി.യിലെ എല്ലാ കോൺഫറൻസുകളും സെപ്തംബർ 9-ാം തീയതി വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനമിന്റെയും സെപ്തംബർ 27-ാം തീയതി വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും തിരുനാൾ സാഘോഷ ദിവ്യബലിയോടെ നടത്തി. രണ്ടു ദിവസങ്ങളിലും വായന, കാഴ്ചവയ്പ് എന്നിവ നടത്തി. ദിവ്യബലിക്കുശേഷം നേർച്ച വിതരണവുമുണ്ടായി. സെന്റ് ജയിംസ് കോൺഫറൻസ് ദത്തുകുടുംബങ്ങൾക്ക് ഉടയാട സ്റ്റിച്ച് ആർട്സിൽ നിന്നു വാങ്ങിയ വസ്ത്രങ്ങൾ വിതരണം ചെയ്തു.

**എറണാകുളം നോർത്ത് എ.സി.**

സെന്റ് സെബാസ്റ്റ്യൻസ് & അമല മാതാ കോൺഫറൻസ് ബോൾഗാട്ടി, സെപ്തംബർ 27-ന് രാവിലേ 6.30-ന് ആരംഭിച്ച ദിവ്യബലിയിൽ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസും അമല മാതാ കോൺഫറൻസും അവരുടെ കുടുംബാംഗങ്ങളും ദത്തുകുടുംബാംഗങ്ങളും പങ്കെടുക്കുകയുണ്ടായി. ദിവ്യബലി മധ്യേ കാർമികൻ വിശുദ്ധ വിൻസെന്റ് ഡി പോളിനെക്കുറിച്ചും സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി പ്രസംഗിച്ചു. ലേഖനവും വായനയും കാഴ്ച സമർപ്പണവും നടത്തി. കൂടാതെ, ദിവ്യബലിക്കുശേഷം നേർച്ച വിതരണവുമുണ്ടായി.

വല്ലാർപാടം ഔവർ ലേഡി ഓഫ് റാൻസം കോൺഫറൻസ് സെപ്തംബർ 29-ന് രാവിലേ 7 മണിക്കുള്ള ദിവ്യബലിയിൽ കോൺഫറൻസ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കുചേർന്നു. ഒന്നും രണ്ടും വായനയ്ക്കുശേഷം കോൺഫറൻസ് അംഗങ്ങളും കുടുംബാംഗങ്ങളും ചേർന്ന് കാഴ്ചസമർപ്പണം നടത്തി. ദിവ്യബലി മധ്യേയുള്ള പ്രസംഗത്തിൽ ഇടവകയിലെയും മറ്റിടങ്ങളിലെയും പാവപ്പെട്ടവരോടുള്ള വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രതിജ്ഞാബദ്ധത വൈദികൻ പ്രത്യേകം എടുത്തു പറഞ്ഞു. ദിവ്യബലിക്കുശേഷം

എല്ലാവരും ആശ്രയഭവനിൽ ഒത്തു ചേരുകയും സത്യപ്രതിജ്ഞ പുതുക്കുകയും ചെയ്തു. ചായ സൽകാരത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

എറണാകുളം ഇൻഫന്റ് ജീസസ്സ് കോൺഫറൻസ് സെപ്തംബർ 27–ന് രാവിലേ നടന്ന വിശുദ്ധ കുർബാനയിൽ കോൺഫറൻസ് അംഗങ്ങളും ദത്തുകുടുംബാംഗങ്ങളും പങ്കെടുത്തു. ഒന്നാം വായനയും നടത്തുകയുണ്ടായി. കുർബാനയ്ക്കുശേഷം നേർച്ച വിതരണം ചെയ്തു. ദത്തുകുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റും നല്കി.

എറണാകുളം സെന്റ് തോമസ് കോൺഫറൻസ് വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനമിന്റെ തിരുനാളിനോടനുബന്ധിച്ച് സെപ്തംബർ 9–ന് രാവിലേ 6.30–ന് നടന്ന ദിവ്യബലിയിൽ കോൺഫറൻസ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. തുടർന്ന് എറണാകുളം ഹൗസ് ഓഫ് പ്രൊവിഡൻസിലെ അന്തേവാസികൾക്കുള്ള പ്രഭാതഭക്ഷണം നല്കുകയുണ്ടായി.

വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സെപ്തംബർ 29–ന് സെന്റ് തോമസ്, സെന്റ് ബെനെഡിക്ട്, നിത്യസഹായ മാതാ, സെന്റ് ഫ്രാൻസിസ് അസ്സീസി എന്നീ കോൺഫറൻസുകൾ സംയുക്തമായാണ് ആചരിച്ചത്. രാവിലെ 9.30–ന് അഭിവന്ദ്യ സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ വിശുദ്ധനെക്കുറിച്ചും കത്തീഡ്രലിലെ കോൺഫറൻസുകളെക്കുറിച്ചും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെക്കുറിച്ചും അദ്ദേഹം നടത്തിയ പ്രസംഗം ഏറെ ശ്രദ്ധേയവും അറിവു പകരുന്നതുമായിരുന്നു. ജ്ഞാനവായനയും വിശ്വാസികളുടെ പ്രാർഥനകളും കാഴ്ചസമർപ്പണവും കോൺഫറൻസ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ചേർന്ന് നടത്തുകയുണ്ടായി.

തുടർന്ന് മരിയ സദനിൽ വച്ച് 50 പേരുടെ കുടുംബ സംഗമം നടത്തി. ലഘുഭക്ഷണത്തോടെ പിരിഞ്ഞു. പിന്നീട് സെന്റ് തോമസ് കോൺഫറൻസ് അംഗങ്ങൾ കാക്കനാട്ടെ പ്രതീക്ഷാഭവനിൽ വിശ്രമജീവിതം നയിക്കുന്ന ചാരിറ്റി സിസ്റ്റേഴ്സിനെയും ആവിലാഭവനിലെ വൈദികരെയും സന്ദർശിച്ച് അവർക്ക് സ്നേഹോപഹാരങ്ങൾ നല്കി. ആത്മീയോപദേഷ്ടാവ് മോൺ. ക്ലീറ്റസ് പറമ്പലോത്ത് അച്ചനെയും സന്ദർശിച്ചു.

**ചാത്യാത്ത് എ.സി.**

ചിറ്റൂർ തിരുക്കുടുംബ ദേവാലയവും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും ആസ്റ്റർ മെഡ്സിറ്റിയും സംയുക്തമായി സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പ് 2024 ഒക്ടോബർ 15–ന് പാരിഷ് ഹാളിൽ നടന്നു. ഇടവക വികാരി ബഹു. ഫാ. മാർട്ടിൻ അഴിക്കകത്തിന്റെ നേതൃത്വത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ അരൂപിയിലും കൂട്ടായ്മയിലും ഒരുക്കിയ ഈ ക്യാമ്പ്, ബഹു. ഇടവക സഹവികാരി ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിലിന്റെ അധ്യക്ഷതയിൽ ശരത് കുമാർ (Aster Medctiy) ഉദ്ഘാടനം ചെയ്തു വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ സാന്നിധ്യത്തിൽ സാൻ ജൂസപ്പേ കോൺവെന്റ് മദർ ആൻ മരിയ ക്യാമ്പിന് ആശംസകൾ നേർന്നു. ജനറൽ മെഡിസിൻ, കാർഡിയോളജി, ഓർത്തോപീഡിക്സ്, ഗൈനക്കോളജി എന്നീ വിഭാഗങ്ങളിലുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനവും BP, GRBS, BMI, ECG എന്നീ ടെസ്റ്റുകളും ക്യാമ്പിൽ പങ്കെടുത്തവർക്ക് സൗജന്യമായി നല്കി.

## നിര്യാതരായി



ബഹുഭാഷാജ്ഞാനിയും മഹാസാത്വികനും ഗവേഷകനും വൈദികസത്തമനുമായ **മോൺ. കുരുക്കൂരച്ചൻ** (P.O.C.) 09.09.2024-ൽ നിര്യാതനായി. കോതമംഗലം രൂപതാ വയോജന വൈദികമന്ദിരത്തിൽ പ്രാർഥനയിലും വിശ്രമത്തിലുമായിരുന്നു.

മംഗലപ്പുഴ എ.സി. നെടുമ്പാശ്ശേരി മദർ തെരേസ കോൺഫറൻസ് പ്രസിഡണ്ട് തോട്ടിന്റെകിഴക്കേതിൽ ഏല്യാസിന്റെ മകൻ **ക്രിസ്റ്റി ഏല്യാസ്** 11.08.2024-ൽ നിര്യാതനായി.





മംഗലപ്പുഴ എ.സി. സെന്റ് വിൻസെന്റ് യു.സി. കോളജ് കോൺഫറൻസ് മുൻ പ്രസിഡണ്ട് പഞ്ഞിക്കാരൻ **സേവി സേവ്യർ (67)** 17.09.2024-ൽ നിര്യാതനായി.

കല്ലൂർ എ.സി. പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ കോൺഫറൻസ് അംഗം ബ്ര. എഡ്വേർഡ് ഫോസ്റ്റസിന്റെ ഭാര്യ **റോസ്മിൻ (49)** 15.10.2024-ൽ നിര്യാതയായി.





വൈപ്പിൻ നോർത്ത് എ.സി. വാടേൽ മേരി മാതാ കോൺഫറൻസ് അംഗം ചിന്നമ്മച്ചേച്ചിയുടെ മകൻ **അറയ്ക്കൽ ജോസഫ് (52)** 14.10.2024-ൽ നിര്യാതനായി.

കോതാട് എ.സി. പിഴല സെന്റ് ഫ്രാൻസിസ് സേവ്യർ കോൺഫറൻസ് പ്രവർത്തകാംഗമായിരുന്ന ബ്ര. പയസ് ഒടിപ്പാട്ടിലിന്റെ ഭാര്യ **ട്രീസ പയസ് (63)** 06.10.2024-ൽ നിര്യാതനായി.





എറണാകുളം നോർത്ത് എ.സി. പൊന്നാരിമംഗലം സെന്റ് ജോസഫ് കോൺഫറൻസ് അംഗം **സിസിലി ആന്റണി** 26.09.2024-ൽ നിര്യാതയായി. മുൻപഞ്ചായത്ത് മെമ്പറും, ESSS അംഗവുമാണ്

മഞ്ഞുമ്മൽ എ.സി. മേരി ഹെൽപ് ഓഫ് കോൺഫറൻസ് അംഗം സി. ട്രീസ ആന്റണിയുടെ ഭർത്താവ് **താന്നിക്കാപ്പിള്ളി ആന്റണി** 22.09.2024-ൽ നിര്യാതനായി





എറണാകുളം ഈസ്റ്റ് എ.സി. സെന്റ് മൈക്കൾസ് കോൺഫറൻസ് പ്രസിഡന്റ് ബ്ര. സിബുവിന്റെ പിതാവ് **കോച്ചാപ്പിള്ളി ജേക്കബ്** 07.08.2024-ൽ നിര്യാതനായി

മംഗലപ്പുഴ എ.സി. സ്വർഗറാണി മരിയാപുരം കോൺഫറൻസ് മുൻ അംഗം അഴിക്കകത്ത് **മേരി ഡിക്രൂസ്** 12.10.2024-ൽ നിര്യാതയായി.



**പരേതർക്കുവേണ്ടി പ്രാർഥിക്കണം**



ചാത്യാത്ത് എ.സി.
ഹോളി ഫാമിലി
കോൺഫറൻസിന്റെ
നേതൃത്വത്തിൽ
ഒക്ടോബർ 15–ന്
മെഡിക്കൽ ക്യാമ്പ് നടത്തി.

## ഫ്രെഡറിക് ഓസാനമിന്റെയും വിൻസെന്റ് ഡി പോളിന്റെയും തിരുനാൾ ആഘോഷം



ഉദയംപേരൂർ
എ.സി.



എറണാകുളം
ഈസ്റ്റ് എ.സി.



വൈപ്പിൻ
മിഡിൽ എ.സി.



വെണ്ണല അഭയമാതാ
കോൺഫറൻസിന്റെ
തിരുനാളാഘോഷത്തോടനുബന്ധിച്ച്
സ്കോളർഷിപ് വിതരണം.

Volume 18
Issue 4

**VINFORMATION**
**SSVP Verapoly Central Council Bulletin**

Oct. - Dec. 2024




Printing : Book Craft, Cheranelloor. Ph. 0484-4865618, 9446390577 E-mail : vinformation2020@gmail.com
Chief Editor : Chev. Dr. Premus Perinchery